കാഷ്വൽ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുവാൻ നടപടി

69 [3077] ശ്രീ. ജോണി നെല്ലൂർ:

" കെ. ബി. ഗണേഷ്കുമാർ:

" ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാഷ്വൽ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) 1999-ൽ പുതുക്കി നിശ്ചയിച്ച മിനിമം കൂലി കാലാവധി കഴിഞ്ഞതിനാൽ പുതുക്കി നൽകണമെന്ന് ഏതെങ്കിലും തൊഴിലാളി സംഘടനകൾ ആവശ്യം ഉന്നയിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) കാഷ്വൽ തൊഴിലാളികൾക്ക് മാത്രമായി മിനിമം വേതനം നിശ്ചയിച്ചിട്ടില്ല. എന്നാൽ സർക്കാർ മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന കാഷ്വൽ തൊഴിലാളികൾക്ക് 1969-ലെ കേരള കാഷ്വൽ, ടെമ്പററി ആന്റ് ബദലി വർക്കേഴ്സ് (വേജസ്) നിയമത്തിലെ വകുപ്പ് 3 അനുസരിച്ച് പ്രസ്തുത സ്ഥാപനങ്ങളിലെ സ്ഥിരം തൊഴിലാളികൾക്ക് ലഭിക്കുന്ന മിനിമം വേതനത്തിന് അർഹതയുണ്ട്.

(ബി ആന്റ് സി) ചോദ്യത്തിൽ ഉന്നയിക്കപ്പെട്ടിരിക്കുന്ന 1999-ൽ പുതുക്കി നിശ്ചയിക്കപ്പെട്ട മിനിമം വേതനം ഏത് മേഖലയിലേതാണ് എന്ന് വ്യക്തമല്ല.

വാണിജ്യ സ്ഥാപനങ്ങളിലെ തൊഴിലാളികൾ

70 [3078] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാണിജ്യ സ്ഥാപനങ്ങളിൽ എത്ര തൊഴിലാളികൾ പണിചെയ്യുന്നുവെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) അവർക്ക് സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ടെന്ന് വിശദീകരിക്കാമോ;

(സി) വാണിജ്യസ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ എന്നത്തേക്ക് നടപടിക്രമങ്ങൾ പൂർത്തിയാകുമെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly